**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1056** **27-07-2021 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വിപുലീകരണത്തിനായുള്ള പദ്ധതികളിൽ ഓറഞ്ച്, കാപ്പി, പേര, മാവ് എന്നിവയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പ്രമുഖ പരിഗണന നൽകുന്നു. ഉത്പാദന ക്ഷമത കുറഞ്ഞതും, പ്രായമായതുമായ ഫലവൃക്ഷങ്ങൾ നീക്കം ചെയ്യും. അത്യുത്പാദന ശേഷിയുള്ള പുതിയ ഇനങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പാഷൻ ഫ്രൂട്ട്, കുരുമുളക്, ഔഷധ സസ്യങ്ങൾ എന്നിവയുടെ കൃഷിസ്ഥലത്തിന്റെ വിസ്തൃതി കൂട്ടുന്നതിനും പദ്ധതിയുണ്ട്. എക്സോട്ടിക് ഫ്രൂട്ട് പ്ലാന്റ്സ്, അതോടൊപ്പം സ്വദേശി ഫലവൃക്ഷങ്ങളായ വിവിധയിനം പ്ലാവ്, ഞാവൽ എന്നിവയുടെ പ്രോജനി തോട്ടം തയ്യാറാക്കുന്നു. പച്ചക്കറി വിത്തുത്പാദനത്തിനും, ഫലവൃക്ഷത്തൈകളുടെ നടീൽവസ്തുക്കൾ തയ്യാറാക്കുന്നതിനും പദ്ധതിയുണ്ട്. ഫാമിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റിൽ സ്ക്വാഷ്, ജെല്ലി, ജാം, അച്ചാർ എന്നീ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ ഫലങ്ങളും, പച്ചക്കറികളും ഫാമിൽതന്നെ ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പച്ചക്കറി വിത്തുത്പാദനം ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഫാമിൽ ഏതെല്ലാം തരത്തിലുള്ള കൃഷിയാണ് നടത്തുന്നതെന്നും മറ്റ് പ്രവർത്തനങ്ങൾ എന്തെല്ലാമാണ് നടത്തുന്നതെന്നും വിശദമാക്കുമോ? | (ബി) | നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നിലവിൽ 37 ഹെക്ടർ സ്ഥലത്ത് ഓറഞ്ച്, റഫ് ലെമൺ എന്നിവയും, 80 ഹെക്ടർ സ്ഥലത്ത് കാപ്പിയും, 10 ഹെക്ടർ സ്ഥലത്ത് പാഷൻ ഫ്രൂട്ടും, 20 ഹെക്ടർ സ്ഥലത്ത് പേരയും, 14 ഹെക്ടർ സ്ഥലത്ത് മാവും, 3 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും കൃഷി ചെയ്യുന്നു. ഫാമിന്റെ 2 ഹെക്ടർ സ്ഥലത്ത് പ്രോജനി ഓർച്ചാർഡും, 5 ഹെക്ടർ സ്ഥലത്ത് വിവിധ വിളകളുടെ നഴ്സറികളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ 8 പോളിഹൗസുകളിൽ വിവിധയിനം വിളകളുടെ |

| | | | |
|---|---|---|---|
| | | | തൈകളും ഉത്പാദിപ്പിക്കുന്നു. പച്ചക്കറികളായ ബ്രോക്കോളി, കോളിഫ്ലവർ, ബീറ്റ്റൂട്ട്, കാരറ്റ്, ചൈനീസ്കാരറ്റ്, ക്നോൾകോൾ, ഗ്രീൻപീസ്, ബട്ടർബീൻസ്, ചെറിയ ഉള്ളി, കാപ്സിക്കം, സാലഡ്വെള്ളരി, മല്ലിയില എന്നിവയും തണ്ണിർ മത്തനും ഫാമിൽ കൃഷി ചെയ്യുന്നു. ആന്തൂറിയം, അലങ്കാരച്ചെടികൾ എന്നിവയും കൃഷി ചെയ്തിട്ടുണ്ട്. നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നിന്നും വിളവെടുക്കുന്ന ഓറഞ്ച്, നാരകം, പേര, മാങ്ങ എന്നിവ ഫാം സെയിൽസ് കൗണ്ടർ മുഖേന വിൽക്കുന്നതോടൊപ്പം സ്ക്വാഷ്, ജെല്ലി എന്നീ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ ഒരു വർഷം 30,000 ബോട്ടിൽ ഉത്പന്നങ്ങൾ വിൽപ്പന നടത്തുന്നു. കാപ്പി വിളവെടുത്ത് പ്രാഥമിക സംസ്കരണത്തിന് ശേഷം ബീൻസ് വിൽക്കുന്നു (ഒരു വർഷത്തെ ഉത്പാദനം ഏകദേശം 7 ടൺ). സർക്കാർ പദ്ധതിയായ ഒരുകോടി ഫലവൃക്ഷത്തൈകളുടെ വിതരണത്തിനായി 4 ലക്ഷത്തോളം വിവിധയിനം തൈകൾ ടി ഫാമിൽ ഉത്പാദിപ്പിയ്ക്കു ന്നു. കൂടാതെ ശീതകാല പച്ചക്കറി കൃഷിയിലൂടെ ലഭിയ്ക്കുന്ന ബ്രോക്കോളി, കോളിഫ്ലവർ, ബീറ്റ്റൂട്ട്, കാരറ്റ് എന്നിവയും ഫാം സെയിൽസ് കൗണ്ടർ മുഖേന വിൽപ്പന നടത്തുന്നു. ടൂറിസ്റ്റുകൾക്കും, സ്കൂൾ വിദ്യാർത്ഥികൾക്കും, കർഷകർക്കും ഫാമിലെ കൃഷിരീതിയെക്കുറിച്ച് ക്ലാസും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ